LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്റെ ശ്രദ്ധക്ഷണിക്കൽ പോലെയുള്ള ഒരു മറുപടിയാണ്. അതല്ല, ഇവിടെ സെൻട്രൽ നിയമമുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ ഇതിന് സബ്മിഷൻ ഉന്നയിച്ചപ്പോൾ ആറ് മാസത്തിനുള്ളിൽ അത് കേരളത്തിൽ നടപ്പാക്കുമെന്ന് പറഞ്ഞു. ഇതുവരെ ഇത് നടപ്പാക്കിയിട്ടില്ല. മുൻ ജില്ലാ കളക്ടർമാർക്കും സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകന്മാർക്കും ഇതാണ് ഗതിയെങ്കിൽ മുൻ എം.എൽ.എ.മാർക്കും മുൻ മന്ത്രിമാർക്കും നമുക്കൊക്കെ വരാൻ പോകുന്ന ഗതിയാണിത്. അതുകൊണ്ട് ഇത് സാമ്പത്തികമായ മാത്രം പ്രശ്നമല്ല മനസ്സിന്റെ കൂടി പ്രശ്നമാണ്. ഇക്കാര്യത്തിൽ ഗൗരവമായി നിയമം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എളമരം കരീം: കേന്ദ്ര നിയമം കർശനമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

(1) ആയുധ വിവരം വെളിപ്പെടുത്തൽ

ശ്രീ. കെ. എം. മാണി: സർ, വനത്തിന്റെ അതിർത്തിക്ക് 10 കിലോമീറ്റർ ഉള്ളിൽ താമസിക്കുന്ന ആളുകൾ അവരുടെ കൈവശമുള്ള ആയുധങ്ങളുടെ കണക്ക് വൈൽഡ് ലൈഫ് വാർഡന് കൊടുക്കണമെന്ന ഒരു നിർദ്ദേശം ഗവൺമെന്റിൽനിന്ന് ഉണ്ടായിട്ടുള്ളതായി ചില മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആയുധ കണക്കെടുപ്പ് കർഷകർക്ക് ദുരിതമാകുന്നു. തോക്കുകൾ കൈവശമുള്ളവർക്ക് മാത്രമായിരുന്നു ലൈസൻസ് വേണ്ടിയിരുന്നത്. എന്നാൽ പുതിയ നിർദ്ദേശപ്രകാരം കൃഷിക്കാർ തുമ്പ, വെട്ടുകത്തി, കോടാലി, കമ്പിപ്പാര, കൂടം എന്നിവയ്ക്കുപോലും ലൈസൻസ് എടുക്കേണ്ട അവസ്ഥയാണ്. ഇങ്ങനെയൊരു ഉത്തരവ് ഇറങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇറങ്ങിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യേണ്ടതാണ്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, അങ്ങനെയൊരു ഉത്തരവ് ഇറങ്ങിയിട്ടില്ല. അതുകൊണ്ട് അങ്ങ് ഒന്നുമില്ലായ്മയിൽനിന്ന് മഹാസംഭവമുണ്ടാക്കേണ്ട കാര്യമില്ല. അങ്ങ് ഒരു പത്രവാർത്തയെമാത്രം അടിസ്ഥാനമാക്കി ഇത് പറയാൻ പാടില്ലായിരുന്നു. ഉത്തരവ് ഇറങ്ങിയിട്ടില്ല. തോക്കിന് ലൈസൻസ് ബാധകമാണ്. ബാധകമായിരിക്കുകയും വേണം.

(2) കെ.ഇ.ആർ. ഭേദഗതി

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും നിയമനം നടത്തിയിട്ടില്ല. അടിയന്തരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ. കഴിഞ്ഞ നവംബർ 14-ന് 2010 കായിക വർഷമായി പ്രഖ്യാപിക്കുകയുണ്ടായി.